തുടർന്നും പാലക്കാട് നഗരസഭയ്ക്ക് ആവശ്യമാണെന്നുള്ള മുനിസിപ്പൽ ചെയർമാന്റെ അഭ്യർത്ഥന മാനിച്ചാണ് ചാവക്കാട് നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം റദ്ദാക്കി ഉത്തരവു പുറപ്പെടുവിച്ചത്.

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കി ഉയർത്താൻ നടപടി

124 (2922)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കി ഉയർത്തണമെന്ന ആവശ്യത്തിന്മേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സുൽത്താൻബത്തേരി എന്നുമുതൽ മുനിസിപ്പാലിറ്റിയാക്കി ഉയർത്തും എന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

ചവർ നിക്ഷേപിക്കുന്നതിന് കണ്ടെയിനറുകൾ

125 (2923)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ചവർ നിക്ഷേപിക്കുന്നതിന് എത്ര കണ്ടെയിനറുകൾ വിവിധ സ്ഥലങ്ങളിലായി വച്ചിട്ടുണ്ട്;

(ബി) ഈ കണ്ടെയിനറുകൾ നിറഞ്ഞുകവിഞ്ഞ് നാറ്റം വമിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) ദുർഗന്ധം വമിക്കുന്ന ഇത്തരം കണ്ടെയിനറുകൾ പബ്ളിക് ടാപ്പുകൾക്ക് സമീപത്തും മറ്റും സ്ഥാപിച്ചതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഈ കണ്ടെയിനറുകൾ എടുത്തു മാറ്റുകയോ നിത്യവും അവയിൽ നിന്ന് ചവർ നീക്കുകയോ ചെയ്യുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ ചവർ നിക്ഷേപിക്കുന്നതിന് വിവിധ സ്ഥലങ്ങളിലായി 180 കണ്ടെയിനറുകൾ വച്ചിട്ടുണ്ട്.

(ബി) പ്രധാന നിരത്തുകളിൽ വച്ചിട്ടുള്ള കണ്ടെയിനറുകൾ ദിവസേനയും മറ്റുള്ളവ രണ്ടു ദിവസത്തിലൊരിക്കലും മാറ്റുവാനാണ് നഗരസഭ തീരുമാനിച്ചിട്ടുള്ളത്; എന്നാൽ ചവർ നിക്ഷേപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം കാരണം പലപ്പോഴും നിശ്ചിത സമയപരിധിക്കുള്ളിൽ ചവർ മാറ്റാൻ കഴിയാതെ വന്നിട്ടുണ്ട്; പ്രധാന നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള കണ്ടെയിനറുകൾ ഇപ്പോൾ ദിവസവും മാറ്റുന്നുണ്ട്. ഇതിനുപുറമേ കണ്ടെയിനറുകളിൽ സെൽറിച്ച് എന്ന പദാർത്ഥം വിതറി ദുർഗന്ധം ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

371/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) കഴിയുന്നിടത്തോളം പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത വിധത്തിൽ കണ്ടെയിനറുകൾ സ്ഥാപിക്കാൻ ശ്രദ്ധിക്കാറുണ്ട്. കണ്ടെയിനറുകൾ ഇടയ്ക്കിടെ മാറ്റുന്നതുകൊണ്ടും, ചവറുകളിൽ സെൽറിച്ച് എന്ന പദാർത്ഥം വിതറുന്നതുകൊണ്ടും ദുർഗന്ധം ഒഴിവാകുന്നുണ്ട്.

മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാട്ടുന്ന ഉദാ സീനത

126 (2924)ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉദാസീനത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ നഗരങ്ങളിലും മാലിന്യങ്ങൾ യഥാസമയം നീക്കംചെയ്യുന്നതിനും നിക്ഷേപിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) എല്ലാ ജില്ലാകേന്ദ്രങ്ങളിലും ഡംബിംഗ് യാർഡുകൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കുമോ?

ഉത്തരം

(എ) മാലിന്യങ്ങൾ യഥാവിധി സംസ്ക്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും, സ്ഥലം ഉള്ളിടത്ത് ചവറ് സംസ്ക്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പുക്കാരണം മാലിന്യസംസ്ക്കരണം തൃപ്തികരമായി നടത്തുന്നതിന് പല നഗരസഭകളും ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉദാസീനത കാട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1997-98 വർഷംമുതൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രശ്നപ്രദേശങ്ങൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 1997-98,1998-99 എന്നീ വർഷങ്ങളിലായി 160 ലക്ഷം രൂപ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ടി ഇനത്തിൽ 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. മാലിന്യത്തിൽനിന്ന് ജൈവവളം ഉൽപ്പാദിപ്പിച്ച് ശാസ്ത്രീയമായി മാലിന്യസംസ്കരണം നടത്തുവാൻ വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട് എന്നീ നഗരസഭകൾ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഗുരുവായൂർ, വടകര, കൂത്തുപറമ്പ്, തളിപ്പറമ്പ്, ചാവക്കാട്, മട്ടന്നൂർ എന്നീ നഗരസഭകളും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly